"ഭരണഭാഷ മാതൃഭാഷ"

## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് -ഗവണ്മെന്റ് കോളേജ് അദ്ധ്യാപകർ - ജോഗ്രഫി വിഭാഗം പൊതു സ്ഥലം മാറ്റം 2022-2023 ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ് നമ്പർ എ3/21120/2022 /കോ വി വ തീയതി 01/06/2022**

പരാമർശം:

1. ഈ ഓഫീസിലെ 29/04/2022ലെയും 07/05/2022ലെയും തീയതിയിലെ എ1/12244/2022/കോവിവ നമ്പർ സർക്കുലർ
2. 24/05/2022 തീയതിയിലെ എ1/21120/2022/കോവിവ നമ്പർ കരട് പട്ടിക .

### ഉത്തരവ്

സർക്കാർ കോളേജുകളിലെ ജോഗ്രഫി വിഭാഗം അദ്ധ്യാപകരുടെ 2022-2023 ലെ പൊതു സ്ഥലം മാറ്റത്തിനുള്ള കരട് പട്ടിക പരാമർശം 2 പ്രകാരം പ്രസിദ്ധീകരിക്കുകയും അതിന്മേൽ പരാതി ഉണ്ടെങ്കിൽ ആയത് 29/05/2022 തീയതി 5 പിഎം-നകം സമർപ്പിക്കേണ്ടതാണെന്ന് നിർദേശം നൽകുകയും ചെയ്തിരുന്നു.ആയതനുസരിച്ച് ലഭിച്ച പരാതിയുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ചുവടെ കാണുന്ന പ്രകാരം ജോഗ്രഫി വിഭാഗം സർക്കാർ കോളേജ് അദ്ധ്യാപകരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് ഉടൻ പ്രാബല്യത്തോടെ സ്ഥലം മാറ്റി നിയമിച്ച് കൊണ്ട് ഉത്തരവാകുന്നു .

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതും സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനങ്ങളിൽ ജോയിൻ ചെയ്യേണ്ടതുമാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | പേരും ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റം നൽകുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീ.ധനുഷ്.ഡി.എം<br>ജിപിഎം ഗവ.കോളേജ് ,മഞ്ചേശ്വരം<br>(അപേക്ഷ) | ഗവ.കോളേജ് കാര്യവട്ടം<br>(നിലവിലെ ഒഴിവിൽ ) |
| 2 | ശ്രീ.വി.ഗോവിന്ദൻ കുട്ടി<br>ഗവ.കോളേജ് ചിറ്റൂർ<br>(അപേക്ഷ) | ജിപിഎം ഗവ.കോളേജ് ,മഞ്ചേശ്വരം<br>(ശ്രീ.ധനുഷ്.ഡി.എം ന് സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ ) |

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ

ഉത്തരവ് ഡൗൺലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)
വിഗ്നേശ്വരി വി ഐ എ എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

1.കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2.ബന്ധപ്പെട്ട അദ്ധ്യാപകർക്ക്
3.ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്
4.സി എ ഡയറക്ടർ /അഡീഷണൽ ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5.എ / ബി സെക്ഷൻ സൂപ്രണ്ട്
6.കരുതൽ ഫയൽ /ഓഫീസ് ഫയൽ

// അംഗീകാരത്തോടെ //

സൂപ്രണ്ട്